പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.797 | 11.06.2014 ൽ മറുപടിക്ക്

മുല്ലപ്പെരിയാറിലെ ജലവിനിയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ. കെ .ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണ ക്കെട്ടിൽ നിന്ന് ഒരു വർഷം കൊണ്ടുപോകുന്ന വെള്ളം ഉപയോഗിച്ച് തമിഴ്നാടിന് എത്ര രൂപയുടെ നേട്ടം ഉണ്ടാകു മെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ( ബി ) തമിഴ്നാട് മുല്ലപ്പെരിയാറിലെ വെള്ളം കൃഷിക്കായി ഉപയോഗിക്കുന്നതിലൂടെയും വൈദ്യുതി ഉല്പാദനത്തിലൂടെ യും എത്ര രൂപ വീതം സ്വരൂപിക്കുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | (ബി) | ഉണ്ട്. മുല്ലപ്പെരിയാറിലെ വെള്ളം ഉപയോഗിച്ച് തമിഴ്നാട്, കൃഷിയിലൂടെ ഏകദേശം 371(മുന്നൂറ്റി എഴുപത്തിയൊന്ന്) കോടിരൂപയും വൈദ്യുതി ഉല്പാദനത്തിലൂടെ ഏകദേശം 211(ഇരുന്നൂറ്റി പതിനൊന്ന്) കോടി രൂപയും സ്വരൂപിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| ( സി ) 1970–ൽ ഒപ്പുവച്ച കരാർ അനുസരിച്ച് ഓരോ 30 വർഷം കൂടുമ്പോഴും പാട്ടത്തുക പുതുക്കി നിശ്ചയി ക്കണമെന്ന കാര്യം | (സി) | 1970 ലെ അനുബന്ധ കരാറിൽ പാട്ടത്തുക പുതുക്കാൻ വ്യവസ്ഥയുണ്ടെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച് കേസ് നിലവിലുണ്ടായിരുന്നതിനാൽ പാട്ടത്തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള |

| | |
|---|---|
| പരിഗണിക്കാതിരുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ; | നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |
| ( ഡ 1 ) വൈദ്യുതി റോയൽറ്റി തുക പുതുക്കി നിശ്ചയിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ആയത് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | 1970 മെയ് 29 ലെ കരാർ പ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിക്ക് കിലോവാട്ട് ഇയറിന് 350 മില്യൺ യൂണിറ്റ് വരെ 12 രൂപ തോതിലും, 350 മില്യൺ യൂണിറ്റിന് മുകളിൽ കിലോവാട്ട് ഇയറിന് 18 രൂപ തോതിലും തമിഴ്നാട് കേരളത്തിന് നൽകേണ്ടതാണ്. എന്നാൽ ഈ നിരക്ക്; പുതുക്കലിന് വിധേയമാക്കാനുള്ള വ്യവസ്ഥ കരാറിൽ പ്രത്യേകമായി ഉൾപ്പെടുത്തിയതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ